Item Code: 643 Participant Code: 114

ആവിഷ്കാര സ്വാതന്ത്ര്യം സാമൂഹ്യജീവിതത്തിൽ

സൃഷ്ടി ജാലങ്ങളുടെ മുകുടമാണ് മനുഷ്യൻ. ലോകത്തിലെ ഏറ്റവും വലിയ വിഭാഗവും മനുഷ്യ വർഗമാണ്. ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ, പൊതു-അഭിപ്രായം (public opinion), നീതിന്യായം (Judiciary), പ്രതിപക്ഷ പാർട്ടി (opposite party), ഭൂരിപക്ഷ വോട്ട് (majority) എന്നിവയ്ക്ക് പ്രത്യേക സ്ഥാനം നൽകുന്നു.

ഇവയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പൊതുജനാഭിപ്രായം (public opinion). ഇന്ത്യയുടെ ഭരണക്രമത്തിലും, രാഷ്ട്രീയപരമായ കാര്യങ്ങളിലും, സമകാലിക കാര്യങ്ങളിലുമെല്ലാം തന്നെ സാധാരണജന വിഭാഗത്തിന്റെ അഭിപ്രായങ്ങൾ അന്വേഷിച്ചിരുന്നു. വോട്ടെടുപ്പിലാണെങ്കിൽ പോലും ജനാധിപത്യഭരണക്രമം ആയതിനാൽ ജനങ്ങളുടെ അഭിപ്രായങ്ങൾ തേടിയിരുന്നു. എബ്രഹാം ലിങ്കൺ ജനാധിപത്യത്തെ നിർവചിച്ചതുപോലെ "ജനങ്ങൾക്കു വേണ്ടി, ജനങ്ങളാൽ ഭരിക്കപ്പെടുന്ന, ജനങ്ങളുടെ ഗവൺമെന്റ്" (Democracy is the government of the people, by the people and for the people).

തങ്ങളുടെ അഭിപ്രായം ഏവരെയും

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ബോധ്യപ്പെടുന്നത് അഥവാ ആവിഷ്കാര സ്വാതന്ത്ര്യം ഉള്ളവരാണ് ഇന്ത്യയിലെ ജനങ്ങൾ. എന്നാൽ ഇന്ന് ജനങ്ങൾക്ക് ആവിഷ്കാരസ്വാതന്ത്ര്യം വേണ്ടത്ര കിട്ടുന്നുണ്ടോ എന്നത് സംശയമാണ്.

തങ്ങളുടെ ആവശ്യങ്ങളും, ബുദ്ധിമുട്ടുകളും, പദവിയിൽ ഇരിക്കുന്നവരെ അറിയിക്കാൻ തന്നെ വളരെ ബുദ്ധിമുട്ടായി മാറിയിരിക്കുകയാണ് ഇന്ന്.

ഇന്ത്യ ഒരു കാർഷിക വികസ്വര രാജ്യമാണ്. ഇന്ത്യയിലാകെ 5700-ൽ കൂടുതൽ ഗ്രാമങ്ങളുണ്ട്. ആ ഗ്രാമവാസികളുടെ പ്രതിസന്ധികളും ദാരിദ്രവും ആവശ്യങ്ങളും ഒന്നും ~~ആ~~ ആരും പരിഗണിക്കുന്നില്ല. രാഷ്ട്രീയ ഭരണക്രമത്തിൽ അഭിപ്രായം പറയാൻ കൂടി അവർക്ക് അവകാശമില്ലാത്തതു പോലെയാണ് ചില ഭരണാധികാരികളുടെ ചിന്ത. അവരും ഇന്ത്യക്കാരാണെന്നും "ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്നും", ഇന്ത്യയുടെ വികസനമെന്നാൽ ഗ്രാമങ്ങളുടെ വികസനമാണെന്നും ഗാന്ധിജി ചൂണ്ടിക്കാണിച്ചതു പോലെ ഇന്ന് ആരും ചിന്തിക്കുന്നില്ല.

ആവിഷ്കാര സ്വാതന്ത്ര്യം കൂടുതലായി ലഭിക്കുന്നത് ഒരുപക്ഷേ മാധ്യമങ്ങൾക്കായിരിക്കും. രാഷ്ട്രീയത്തിലെ നന്മയും തിന്മയും വേർതിരിച്ചറിയാൻ

മാധ്യമ പ്രവർത്തകർ കൂടുതലായി ശ്രമിക്കുന്നു. നല്ല കാഴ്ചപ്പാടും അനുഭവവും അറിവും ഉള്ളവർക്കേ അത് സാധിക്കുകയുള്ളൂ. എന്നാൽ ഇന്ന് മാധ്യമങ്ങളിൽ ചിലത് രാഷ്ട്രീയനേതാക്കളുടെ കീഴിലാണ്. ഓരോ രാഷ്ട്രീയ പാർട്ടിയ്ക്കും ഓരോ വാർത്താ ചാനലുകളും പത്രങ്ങളും ആയി മാറിയിരിയ്ക്കുകയാണ്. തങ്ങളുടെ പാർട്ടിയുടെ തെറ്റുകുറ്റങ്ങൾ മാച്ചുവെച്ച് പ്രതിപക്ഷ പാർട്ടിയെ കുറിച്ച് വലുതാക്കി എഴുതി വയ്ക്കുന്നു. ഇവിടെ പൊതുജനത്തിന്റെ അഭിപ്രായങ്ങൾ അന്വേഷിക്കുന്നില്ല. അതോടെ ഇന്നത്തെ സമൂഹത്തിൽ ആവിഷ്കാരസ്വാതന്ത്ര്യത്തിന് പ്രസക്തി കുറയുന്നു.

ഒരു സാധാരണകാരൻ തന്റെ അഭിപ്രായം പറയാൻ പേടിക്കുന്നു, ~~ഭ~~ ഭയപ്പെടുന്നു. രാഷ്ട്രീയത്തിലെ തിന്മകളും കുറ്റങ്ങളും ചൂണ്ടികാണിച്ചാൽ ജീവൻനഷ്ടമാകു-മോ? എന്നുവരെ എല്ലാവരും ചിന്തിക്കുന്നു. ഒരുപാട് മാധ്യമപ്രവർത്തകർ ഇക്കാരണത്താൽ മരണപ്പെട്ട ചരിത്രമുണ്ട്. സമ്പത്ത് ഉപയോഗിച്ചാകരുത് ഒരു ഭരണാധികാരിയും ~~ന~~ സമൂഹത്തിൽ വാഴേണ്ടത്.

" എത്ര ന്യായമായ കാര്യത്തിനായാലും അക്രമണരീതി ഞാൻ ഉപയോഗപ്പെടുത്തുകയില്ല " എന്ന

ഗാന്ധിജിയുടെ ആപ്തവാക്യം ഈ അവസരത്തിൽ
ഏറെ ~~ഭാഷ്യ~~ പ്രാധാന്യം അർഹിക്കുന്നു.

സമ്പത്തും പദവിയും ഉള്ള ഒരു
രാഷ്ട്രീയ നേതാവിന് രാഷ്ട്രീയസ്ഥാനത്ത് ഇരിക്കാൻ
യോഗ്യത ഇല്ലെങ്കിൽ, തെറ്റായ ഭരണക്രമമാണ് അവർ
ഉപയോഗിക്കുന്നതെങ്കിൽ അതിനെ എതിർക്ക് അനീതി-
ക്കെതിരെ നാം ശബ്ദമുയർത്തുകതന്നെ വേണം.

ആധുനിക സമൂഹത്തിൽ എല്ലാവരും
അനീതി കാട്ടിയും, മൂല്യബോധം ഇല്ലായ്മയും, വെറുപ്പും
വിദ്വേഷവും വെച്ചുപുലർത്തി സ്വാർത്ഥത വക്തരായി
മാറുമ്പോൾ, നാം ആത്മവിശ്വാസത്തോടെ ജനാധി-
പത്യത്തിന്റെ യഥാർത്ഥ പതാക വാഹകരായി മാറേണ്ട
സമയം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു.

ഇന്ന് സ്നേഹം, ദയ, സത്യം, വിശ്വാസം,
ആത്മാർത്ഥത എന്നീ ജീവിതമൂല്യങ്ങൾക്ക് ച്യുതി
സംഭവിച്ചിരിക്കുന്നു. 'സത്യം' എന്നത് നമ്മെ ശുദ്ധീകരി-
ക്കുന്ന ഒരു പ്രധാന ഘടകമാണ്. സത്യത്തെ സ്വീകരിക്കുക
ആണ് നമ്മൾ ആദ്യം ചെയ്യേണ്ടത്. സത്യത്തിന്റെ
പാത നമ്മുടെ എല്ലാ മേഖലകളിലേക്കും ~~വ്യാപിപ്പിക്കേ~~
വ്യാപിപ്പിക്കേണ്ടതുണ്ട്. ആദ്യം നമ്മൾ സ്വയം സത്യത്തെ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

സ്വീകരിച്ച് സത്യത്തിന്റെ പ്രചാരകരായാൽ, സത്യത്തിന്റെ വെളിച്ചം സമൂഹത്തിലേക്ക് പകരാൻ നമുക്ക് കഴിയും. അങ്ങനെ സമൂഹത്തെ ശുദ്ധീകരിക്കാൻ നമുക്ക് സാധിക്കുന്നു. അതിലൂടെ ഈ കാലഘട്ടത്തിൽ 'ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പ്രാധാന്യവും പ്രസക്തിയും വർദ്ധിക്കാൻ നമുക്കു കഴിയുന്നു.

മറ്റൊരു പ്രധാനപ്പെട്ട ആവശ്യം 'ദേശസ്നേഹികൾ' ആവുക എന്നതാണ്. പെറ്റമ്മയെ പോലെ ഭാരതമാകുന്ന അമ്മയെയും സ്നേഹിക്കണം അവർക്ക് ഒരു ബുദ്ധിമുട്ടോ പ്രതിസന്ധിയോ വന്നാൽ അത് നമ്മുടെ കൂടി ബുദ്ധിമുട്ടായി ~~കട്~~ കണ്ട് പ്രവർത്തിക്കണം. ഇന്ത്യയുടെ സമ്പത്താണ് മാനവ വിഭവശേഷി. അത് ~~ജനാധിപത്യത്തിന്റെ ഏറ്റവും വലിയ പ്രത്യേകത~~ സംരക്ഷിക്കാൻ നാം പ്രാപ്തരാണ്.

ജനാധിപത്യത്തിന്റെ ഏറ്റവും വലിയ പ്രത്യേകത എന്തെന്നാൽ 'നിയമത്തിനു മുമ്പിൽ എല്ലാവരും സമന്മാരാണ്' എന്നുള്ളതാണ്. സമത്വം, സാഹോദര്യം, ~~എന്നിവ~~ സത്യം, എന്നിവ ജനാധിപത്യത്തിന്റെ പ്രധാനഘടകങ്ങളുമാണ്. ഈ ആശയം മനസ്സിലാക്കിയതുകൊണ്ടാണ് ചരിത്രത്തിൽ പലയിടത്തും

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ഭരണാധികാരികളുടെ അടിമത്വവും ചൂഷണവും
അക്രമങ്ങളും അനുഭവിച്ച ജനങ്ങൾ ജനാധിപത്യ-
ഭരണക്രമത്തിനായി പോരാടിയത്. ഈ ആശയം തന്നെ
മനസിലാക്കി, മനസ്സിലുറപ്പിക്കുകയാണ് നാം ആദ്യം
ചെയ്യേണ്ടത്.

ഉത്തരവാദിത്വമുള്ള പൗരന്മാരായ നാം
നമ്മുടെ ഭരണക്രമത്തെയും അതിന്റെ പ്രധാന
ആശയങ്ങളെ കുറിച്ചെല്ലാം പഠിച്ച് അനീതി കണ്ടാൽ
നമ്മുടെ ശബ്ദമുയർത്തി, നന്മയുള്ള കാര്യങ്ങൾ
പ്രാവർത്തമാക്കുകയും ചെയ്യണം. ആവിഷ്കാര
സ്വാതന്ത്രത്തിനുള്ള പൂർണ്ണമായ അവകാശം നമുക്കുണ്ട്.
പക്ഷേ അത് ന്യായമായ കാര്യത്തിന് പ്രാധാന്യം
നൽകുന്നവ ആയിരിക്കണം. ഗാന്ധിജിയുടെ
വജ്രായുധമായിരുന്ന 'അഹിംസ' നാം ഇത്തരം
സന്ദർഭങ്ങളിൽ കാത്തുസൂക്ഷിക്കണം. നമ്മുടെ
രാജ്യത്ത് നടക്കുന്ന തിന്മകളോട്, അനീതികളോട്
പ്രതികരിക്കാം പക്ഷേ അതിന് അക്രമരീതി ഉപയോഗി-
ക്കാതിരിക്കാൻ നാം ശ്രദ്ധിക്കണം. അങ്ങനെ
സമത്വ - സുന്ദരമായ ഇന്ത്യയെ നാം സൃഷ്ടിക്കേണ്ടതുണ്ട്.
അതിൽ വിദ്യാർത്ഥികൾക്കും പങ്കുചേരാം. വെറു

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

പ്രായത്തിൽ തന്നെ രാഷ്ട്രീയത്തെ കുറിച്ചും അതിലെ നീതിയെയും അനീതികളെയും കുറിച്ച് മനസിലാക്കിയാൽ ഒരു നല്ല ഉത്തരവാദിത്വമുള്ള ദേശസ്നേഹികളായ പൗരന്മാരെ നമുക്ക് ലഭിക്കും. "അണ്ണാരക്കണ്ണനും തന്നാലായത്" എന്ന പഴമൊഴി പോലെ രാഷ്ട്രപുനർ-നിർമാണത്തിൽ തന്നാൽ കഴിയുന്നത് വിദ്യാർത്ഥികൾക്കും ചെയ്യാനാകും. കാരണം ഇന്ത്യയുടെ ~~ഭാ~~ ഭാവി ഇന്നത്തെ വിദ്യാർത്ഥികളുടെ കൈകളിലാണ്. അത് സുരക്ഷിതമാകാൻ സമകാലിക ചിന്തകളെ കുറിച്ച് അവർ ~~ബോ~~ ബോധവാന്മാർ ആകേണ്ടതുണ്ട്. അവർക്കും ആവിഷ്കാര സ്വാതന്ത്ര്യമുണ്ട് എന്ന് നമ്മൾ മനസ്സിലാക്കേ-ണ്ടതാണ്. അതിനാൽ അവരുടെ അഭിപ്രായങ്ങളും തേടേണ്ടത് അനിവാര്യമാണ്.

ഇങ്ങനെ ഒരുപാട് പ്രവർത്തനങ്ങൾ നടപ്പിലാക്കാനും ~~നമുക്ക്~~ ആവിഷ്കാര സ്വാതന്ത്ര്യത്തിന് സാമൂഹ്യജീവിതത്തിലുള്ള പ്രസക്തി എല്ലാവരെയും ബോദ്ധ്യപ്പെടുത്തുന്നതിലൂടെയും എല്ലാവരുടേയും അഭിപ്രായങ്ങളും അവരുടെ മനസ്സിലെ ആശയങ്ങളും ചോദിച്ചറിയുന്നതിലൂടെയും നമ്മുടെയെല്ലാം സ്വപ്നത്തിലെ ~~ഇന്ത്യ~~ സമത്വ - സുന്ദരമായ ഇന്ത്യയെ കൊണ്ടുവരാനും

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം

Item Code: 643 Participant Code: 114

സത്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങൾ
പ്രാവർത്തികമാക്കുന്ന മികച്ച ജനാധിപത്യ ഭരണക്രമ
ത്തെക്കൂടി നടപ്പിലാക്കാനും നമുക്ക് കഴിയും. അതിനായി
നാം ആത്മാർത്ഥയോടെ, ആത്മവിശ്വാസത്തോടെ
പരിശ്രമിക്കണം. നാനാത്വത്തിൽ ഏകത്വമായ ഇന്ത്യയിൽ
നാമെല്ലാം ഒത്തൊരുമിച്ച് പ്രയത്നിച്ചാൽ മാത്രമേ ഈ
പറഞ്ഞ നേട്ടങ്ങൾ നമുക്കു കൈവരിക്കാനാകൂ.

. . . . . .

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)